LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കാർഡ് വിതരണം

208 (1242) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻകാർഡ് എപ്പോഴാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ ഇപ്പോൾ എത്ര എ.പി.എൽ., ബി.പി.എൽ. കുടുംബങ്ങൾ ഉണ്ട് ; പുതിയ റേഷൻകാർഡ് വിതരണം ചെയ്യുന്നതോടെ ഈ കണക്കുകളിൽ ഉണ്ടാകാൻ പോകുന്ന മാറ്റം എന്താണ് ; വിശദമാക്കുമോ ;

(സി) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള റേഷൻ കാർഡുകളിൽ ആദ്യം കന്നഡയും രണ്ടാമത് മലയാളവുമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ പുതിയ റേഷൻ കാർഡിൽ മലയാളത്തിന് പ്രഥമസ്ഥാനം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കേരളത്തിൽ നിലവിൽ 62,57,813 എ.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കും 20,63,941 ബി.പി.എൽ/എ.എ.വൈ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് പുതിയ കാർഡുകൾ നിലവിൽ വരുമ്പോൾ ഏകദേശം 31,60,000 മുൻഗണനാ കുടുംബങ്ങളും 51,61,754 കുടുംബങ്ങൾ ജനറൽ വിഭാഗത്തിൽപ്പെടുന്നതുമായി വരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ

209 (1243) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ റേഷൻകാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാർഡുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ അടങ്ങിയ അപേക്ഷാഫാറം ഡാറ്റാ എൻട്രി നടത്തുന്ന ഘട്ടത്തിലാണ്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

റേഷൻ കാർഡുകളുടെ വിതരണം

210 (1244) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻ കാർഡുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല. കാർഡുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങളുടെ ഡാറ്റാ എൻട്രി ഘട്ടമാണ് നിലവിൽ നടന്നുവരുന്നത്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

റേഷൻ കാർഡുകളുടെ പുതുക്കൽ നടപടി

211 (1245) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ പുതുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പുതിയ റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) കാർഡുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങളുടെ ഡാറ്റാ എൻട്രി ഘട്ടമാണ് നിലവിൽ നടന്നുവരുന്നത്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly